A

GI 605

# അർദ്ധവാർഷിക മൂല്യനിർണയം 2017–18

## സാമൂഹ്യശാസ്ത്രം

## ഉത്തരസൂചിക

സ്റ്റാൻഡേർഡ് - 6 സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കട്ടെ.
2. ആകെ 8 പ്രവർത്തനങ്ങളിൽ നന്നായി ഉത്തരം എഴുതിയിരിക്കുന്ന 6 പ്രവർത്തനങ്ങൾ മൂല്യനിർണ്ണയം നടത്തുക.
3. ഒരു പ്രവർത്തനത്തിന് അഞ്ചു പോയിന്റ്. ആകെ 30 പോയിന്റ്. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) പോയിന്റ് കണക്കാക്കണം. ഗ്രേഡ് നൽകണം(a/b/c/d/e)
4. എല്ലാ ചോദ്യങ്ങളുടെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ കൊടുക്കുന്നു.

---

**പ്രവർത്തനം 1**

**പഠനനേട്ടം**

ഭൂമിയുടെ ആകൃതി, സവിശേഷത എന്നിവ വിശദീകരിക്കുന്നു.

**ഉത്തരസൂചിക**

1. ഐസക്ന്യൂട്ടൻ
2. മഗല്ലൻ
3. തെയിൽസ്
4. ആര്യഭടൻ
5. പൈഥഗോറസ് (5 സ്കോർ)

**പ്രവർത്തനം 2**

**പഠനനേട്ടം**

മധ്യകാലഘട്ടത്തിലെ ചൈനക്കാരുടെയും അറബികളുടെയും വൈജ്ഞാനിക നേട്ടങ്ങൾ തിരിച്ചറിയുന്നു.

**ഉത്തര സൂചിക**

എ) പഗോഡകൾ (1 സ്കോർ)

ബി) അച്ചടി യന്ത്രം (1 സ്കോർ)

സി) അൽറാസി, ഇബ്ൻസിന എന്നിവർ വൈദ്യശാസ്ത്രരംഗത്തെ പ്രതിഭകളായിരുന്നു. ഒമർഖയാം രചിച്ച റുബായിയ്യാത്ത്, ഫിർദൗസിയുടെ ഷാഹ്നാമ - പ്രധാന സാഹിത്യ കൃതി ആയിരത്തൊന്നുരാവുകൾ മറ്റൊരു പ്രധാന സാഹിത്യ സംഭാവന (3 സ്കോർ)

പ്രവർത്തനം 3

പഠനനേട്ടം

സൽത്തനത്ത് മുഗൾകാലഘട്ടത്തിലെ വാസ്തുവിദ്യാരംഗത്തുണ്ടായ മാറ്റങ്ങൾ വിശദീകരിക്കുന്നു.

ഉത്തര സൂചിക

എ)

i) കുത്തബ് മീനാർ ii) താജ്മഹൽ (2 സ്കോർ)

ബി) ഇൻഡോ ഇസ്ലാമിക് വാസ്തു വിദ്യാരീതി (1 സ്കോർ)

സി) കമാനങ്ങളും, നാഴികക്കുടങ്ങളും, മിനാരങ്ങളും മുഖ്യസവിശേഷതയാണ്.

നിർമാണത്തിന് മാർബിളും ചുവന്ന കല്ലുകളും ഉപയോഗിച്ചു.

ചെടികളുടേയും പൂക്കളുടേയും ചിത്രങ്ങൾ ആലേഖനം ചെയ്തുഭംഗിയാക്കി.

(ഏതെങ്കിലും രണ്ടെണ്ണം) (2 സ്കോർ)

പ്രവർത്തനം 4

പഠനനേട്ടം

കാലാവസ്ഥാ മേഖലകൾ രൂപപ്പെടുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി വിവരിക്കുന്നു.

ഉത്തരസൂചിക

എ)

- വർഷം മുഴുവൻ ഉയർന്ന അന്തരീക്ഷതാപം
- എല്ലാദിവസവും ഉച്ചയ്ക്കു ശേഷം ലഭിക്കുന്ന ഇടിമിന്നലോടു കൂടിയ മഴ.
- സമൃദ്ധമായ മഴയും സൂര്യപ്രകാശവും ലഭിക്കുന്നു . (3 സ്കോർ)

ബി) ഭൂമദ്ധ്യ മേഖലയിൽ നിന്ന് $10^\circ$ വടക്കും $10^\circ$ തെക്കും. (1 സ്കോർ)

സി) ധാരാളം മരങ്ങളും സസ്യജാലങ്ങളും ഉള്ളതിനാൽ വനവിഭവങ്ങൾ സമൃദ്ധമായി ലഭിക്കുന്നു.

(1 സ്കോർ)

പ്രവർത്തനം 5

പഠനനേട്ടം

മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നഗരങ്ങൾ ഉയർന്നു വരാൻ ഇടയാക്കിയ പശ്ചാത്തലം വിശദീകരിക്കുന്നു.

ഉത്തരസൂചിക

1. കച്ചവട പ്രാധാന്യമുള്ള സ്ഥലങ്ങൾ, കരകൗശല വ്യവസായ കേന്ദ്രങ്ങൾ, തുറമുഖങ്ങൾ.

(3 സ്കോർ)

2. സുഗന്ധവ്യഞ്ജനങ്ങൾ, രത്നങ്ങൾ, തുണിത്തരങ്ങൾ (2 സ്കോർ)

പ്രവർത്തനം 6

പഠനനേട്ടം

കേരളീയകലകളെ തിരിച്ചറിഞ്ഞ് അവ ആസ്വദിക്കാനുള്ള മനോഭാവം രൂപപ്പെടുന്നു.

ഉത്തരസൂചിക

എ) 1. കഥകളി, 2.ഒപ്പന, 3.ചാക്യാർ കൂത്ത്, 4.തെയ്യം (സ്കോർ 2)

ബി)

| ക്ഷേത്രകലകൾ | അനുഷ്ഠാനകലകൾ |
|---|---|
| കഥകളി, ചാക്യാർകൂത്ത് | ഒപ്പന, തെയ്യം |

(സ്കോർ 2)

സി) കൂത്തമ്പലം (സ്കോർ 1)

പ്രവർത്തനം 7

പഠനനേട്ടം

അക്ഷാംശരേഖാംശരേഖകൾ ഭൂകേന്ദ്രത്തിൽ നിന്നുള്ള കോണീയ അകലങ്ങളാണെന്നുതിരിച്ചറിഞ്ഞ് ചിത്രീകരിക്കുന്നു.

ഉത്തരസൂചിക

- അക്ഷാംശ രേഖകളും ഡിഗ്രി അളവും കണ്ടെത്തിയിട്ടുണ്ട്

| | | |
|---|---|---|
| ആർട്ടിക് വൃത്തം | - | 66 1/2° വടക്ക് |
| ഉത്തരായനരേഖ | - | 23 1/2° വടക്ക് |
| ഭൂമധ്യ രേഖ | - | 0° |
| തെക്ക് ദക്ഷിണായന രേഖ | - | 23 1/2° തെക്ക് |
| തെക്ക് അന്റാർട്ടിക് വൃത്തം | - | 66 1/2° തെക്ക് |

(5 സ്കോർ)

പ്രവർത്തനം 8

പഠനനേട്ടം

കാലാവസ്ഥാമേഖലകളിലെ ജനജീവിതം വിശകലനം ചെയ്തുകാലാവസ്ഥ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം സംബന്ധിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.

ഉത്തരസൂചിക

മൂന്ന് മേഖലകളിലെയും ജനജീവിതത്തിന്റെ വ്യത്യാസത്തിന് കാലാവസ്ഥ സ്വാധീനിച്ചിട്ടുണ്ടെന്ന് സമർഥിച്ച് കുറിപ്പുതയാറാക്കിയിട്ടുണ്ട്. (5 സ്കോർ)